മാധ്യമം 15 November 2023

# ഇന്ത്യൻ കടൽസമ്പത്തിലേക്ക് രണ്ടിനം നെയ്മീൻ കൂടി; കണ്ടെത്തലുമായി സി.എം.എഫ്.ആർ.ഐ

● ഇന്ത്യൻ കടലുകളിൽ നെയ്മീൻ ഇനങ്ങൾ ആറായി

**കൊച്ചി:** ഇന്ത്യയുടെ കടൽ മത്സ്യസമ്പത്തിലേക്ക് രണ്ട് നെയ്മീനുകൾ കൂടി. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റേതാണ് (സി.എം.എഫ്.ആർ.ഐ) കണ്ടെത്തൽ. ഒന്ന് പുതുതായി കണ്ടെത്തിയ അറേബ്യൻ സ്പാരോ നെയ്മീനാണ്. സ്കോംബെറോമോറസ് അവിറോസ്ട്രസ് എന്നാണ് ശാസ്ത്രീയനാമം. രണ്ടാമത്തേത് പുനരുജ്ജീവിപ്പിക്കപ്പെട്ട റസൽസ് പുള്ളി നെയ്മീനാണ്. ഇന്ത്യൻ തീരങ്ങളിൽ മുമ്പ് കാണപ്പെട്ടിരുന്ന പുള്ളി നെയ്മീനാണിതെന്നാണ് കരുതുന്നത്. ഇതോടെ, ഇന്ത്യൻ കടലുകളിൽ നെയ്മീനുകളുടെ തരം നാലിൽനിന്ന് ആറായി. ഉയർന്ന വിപണിമൂല്യമുള്ളതാണ് നെയ്മീൻ.

ഇന്ത്യയുടെ വിവിധ തീരങ്ങളിൽനിന്ന് ശേഖരിച്ച പുള്ളി നെയ്മീനുകളിൽ നടത്തിയ വിശദമായ വർഗീകരണ-ജനിതക പഠനമാണ് സി.എം.എഫ്.ആർ.ഐയിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ഇ.എം. അബ്ദുസ്സമദിന്റെ നേതൃത്വത്തിലുള്ള സംഘത്തെ ഈ നേട്ടത്തിലേക്ക് എത്തിച്ചത്. മുമ്പ് ഒരൊറ്റ ഇനമായി കണക്കാക്കപ്പെട്ടിരുന്ന പുള്ളി നെയ്മീൻ യഥാർഥത്തിൽ മൂന്ന് വ്യത്യസ്തയിനമാണെന്ന് പഠനത്തിൽ വ്യക്തമായി. ഇവ മൂന്നും മറ്റിനങ്ങളേക്കാൾ താരതമ്യേന ചെറുതാണ്. തീരത്തോട് അടുത്താണ് ഇവ കൂടുതലായും കണ്ടുവരുന്നത്.



*അറേബ്യൻ സ്പാരോ നെയ്മീൻ*



*റസൽസ് പുള്ളി നെയ്മീൻ*

അറേബ്യൻ സ്പാരോ നെയ്മീൻ ലഭ്യമാകുന്നത് പൂർണമായും അറബിക്കടൽ തീരത്ത് മംഗലാപുരത്തുനിന്ന് വടക്കോട്ടുള്ള സ്ഥലങ്ങളിലാണ്. കുരുവിയുടേതിന് സമാനമായ ചുണ്ടുള്ളതിനാലാണ് ഈ പേര് നൽകിയത്. മറ്റ് രണ്ട് മീനുകളും ബംഗാൾ ഉൾക്കടലിന്റെ തീരങ്ങളിൽ നാഗപട്ടണത്തിന് വടക്കോട്ടുള്ള ആൻഡമാൻ ഉൾപ്പെടെ തീരങ്ങളിലാണ് ലഭ്യമാകുന്നത്.

രാജ്യത്തിന്റെ സമുദ്രമത്സ്യ മേഖലക്ക് വലിയ മുതൽക്കൂട്ടാകുന്ന നേട്ടമായാണ് ഗവേഷകർ ഈ കണ്ടെത്തലിനെ കാണുന്നത്. ഈ രണ്ടെണ്ണം ഉൾപ്പെടെ അഞ്ച് പുതിയ മീനുകളാണ് ഡോ. അബ്ദുസ്സമദിന്റെ നേതൃത്വത്തിൽ ശാസ്ത്രത്തിന് സംഭാവന ചെയ്തിട്ടുള്ളത്.

പുതിയ ഇനം ശീലാവ്, പുള്ളി അയല, പോളവറ്റ എന്നിവയാണ് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നേരത്തേ കണ്ടെത്തിയ പുതിയ മീനുകൾ